(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട്സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.10/1334/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി. 20.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കടയത്തൂർ ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ.10/1334/2018 തീയതി. 20.12.2018

# ഇടുക്കി ജില്ലയിലെ കടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.07.2017 മുതൽ 20.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 28.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ധനജയൻ. റ്റി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സണ്ണി.എം.യു. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി.ഇ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പുഷ്പാ വിജയൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.സജി തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.മാർട്ടിൻ തോമസ് | 01/04/2017 മുതൽ 31/03/2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മറിയാമ്മ തോമസ് | 01/04/2017 മുതൽ 14/07/2017 വരെ |
| | ഡോ.ദീപ കെ.കെ | 15/07/2017 മുതൽ 31/03/2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജാസ്മിൻ സി.എ | 01/04/2017 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അലീന ജോർജ്ജ് | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ. | സുധീർ യു. എ | 01/04/2017 മുതൽ 15/06/2017 വരെ |
| | നജീല | 16/06/2017 മുതൽ 04/07/2017 വരെ |
| | തോമസ് വി വി | 05/07/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.രജിത്ത് കെ.ആർ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.ജിൽസൺ വി.ജോർജ്ജ്. | 01/04/2017 മുതൽ 31/03/2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.രമാഭായി ജി | 01/04/2017 മുതൽ 31/03/2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ.സത്യദാസ്. എസ്. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |

| | | |
|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 2-1 | ഡി &ഓ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ |
| 14 | 2-2 | വസ്തു നികുതി,തൊഴിൽ നികുതി,സർവ്വീസ് സെസ്സ് എന്നിവ പ്രയർ പീരിഡ് ഐറ്റംസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 15 | 3-1 | കിണർ റീചാർജിംഗ് - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക നൽകിയിരിക്കുന്നു. |
| 16 | 3-2 | ജാതിതൈ വിതരണം - ടെണ്ടർ നടപടി സംബന്ധിച്ച് |
| 17 | 3-3 | വിവിധ റോഡ് പ്രവൃത്തികൾ-കരാറുകാർ റോഡ് പ്രവൃത്തികളിൽ ഗുണനിലവാരം പാലിച്ചില്ല |
| 18 | 3-4 | പഠന മുറി നിർമ്മാണം (ടി.എസ്.പി)- പണി പൂർത്തീകരിച്ചിട്ടില്ല |
| 19 | 3-5 | ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ – പദ്ധതി |
| 20 | 3-6 | വീട് വാസയോഗ്യമാക്കൽ(ടി.എസ്.പി)- പണി പൂർത്തീകരിച്ചിട്ടില്ല |
| 21 | 3-7 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല |
| 22 | 3-8 | പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ പദ്ധതി- മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല |
| 23 | 3-9 | തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 24 | 3-10 | പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല |
| 25 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 28 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 29 | 4-5 | സ്ഥിരനിക്ഷേപം |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത ഓഡിറ്റ് |
| 32 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 33 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 35 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്ത് കമ്മിറ്റിയുടെ 29.03.2017 ലെ 1 -ാംനമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ്

അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പുതുക്കുകയോ റിവൈസ് ചെയ്യുകയോ ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകതപരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകതപരിഹരിച്ച് തിരിച്ചയച്ച തീയതി |
|---|---|---|---|
| 31.07.2018 | 05.05.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കേറ്റ് നം./തീയതി |
|---|---|---|
| 2017-18 | 05.05.2018 | നം. കെ.എസ്.എ.ഐ.ഡി.കെ. 3/677/2018(20) തീ. 29.03.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹5233735.00 |
| വരവ് | ₹43596020.00 |
| ആകെ | ₹48829755.00 |
| ചെലവ് | ₹45156908.00 |
| നീക്കിയിരുപ്പ് | ₹3672847.00 |

## 1-5 ഫണ്ട് വിനിയോഗം

പഞ്ചായത്തിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7888000 | 7888000 | 7030447 | 857553 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1651990 | 1651990 | 1367149 | 284841 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3735482 | 3735482 | 3515711 | 219771 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9238000 | 9238000 | 9237968 | 32 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 2506525 | 84475 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 3704538 | 3704538 | 3704538 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി.ഫണ്ട് | | 0 | 18575620 | 18575620 | 18575620 | 0 |
| ദുരിതാശ്വാസനിധി | | 1829 | 82 | 1911 | 0 | 1911 |
| എ സി ബി പ്ലാൻ | | 230 | 10 | 240 | - | 240 |
| ഐ ഡി സി ബി ഇ എം എസ് | | 680205 | 26448 | 707153 | --- | 707153 |
| ഐ ഡി സി ബി മുട്ടം | | 1615 | -- | 1615 | -- | 1615 |
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | ഭരണ പരമായ ചെലവു കൾ | 5748 | 412715 | 418463 | 410329 | 8132 |
| | സാധന ങ്ങളുടെ വില | 0 | 843330 | 843330 | 843328 | 2 |
| | തൊഴിലാളി കളുടെ കൂലി. | 0 | 3489430 | 3489430 | 3489430 | 0 |
| മറ്റ് കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സമ്പൂർണ്ണ ശുചിത്വം | 9600 | 1454400 | 1464000 | 650000 | 814000 |
| | ഐ.സി. ഡി.എസ്. | 731086 | 201495 | 932581 | 11110 | 921471 |
| | പശ്ചിമഘട്ട വികസനം | 296886 | 13360 | 310246 | 310246 | 0 |
| | ഹരിയാലി | 21167 | 1660 | 22827 | 0 | 22827 |
| മറ്റ് സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 149324 | 33258 | 182582 | 179637 | 2945 |
| | ശുചിത്വ മിഷൻ | 100169 | 125750 | 225919 | 201500 | 24419 |
| | മറ്റ് ഫണ്ടുകൾ | 66955 | 312500 | 379455 | 10546 | 368909 |
| ജില്ലാ പഞ്ചായത്ത് വിഹിതം | | 907618 | 513307 | 1420925 | 486359 | 934566 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം. | | 297801 | 100000 | 397803 | 100000 | 297801 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 129238 | 5503654 | 5632892 | 4482758 | 1150134 |
| തനത്ഫണ്ട് | കയ്യിരുപ്പ് | 97256 | | | | 60680 |
| | എസ് ബി റ്റി പ്ലാൻ | 2522580 | 993339 | 3515919 | 3513638 | 2281 |
| | എസ് സി ബി തനത് | --- | 4368500 | 4368500 | 3417953 | 950547 -- |
| | നാഷണലൈസ് ബാങ്ക് ഉ പെ മെന്റ് | - | 11780 | 11780 | 649 | 11131 |
| | vpf a 2 | 3608 | - | 3608 | - | 3608 |
| | VPF a 3 | 6877 | - | 6877 | - | 6877 |
| | ട്രഷറി | 500909 | - | 500909 | 1006316 | (-)505407 |
| ഗുണഭോക്തൃവിഹിതം | | 353974 | 517181 | 871155 | 601882 | 269273 |
| ജവഹർ | | 297 | 1560000 | 1560297 | 1560297 | 238 |
| എസ് ബി റ്റി വാട്ടർ ഷെഡ് | | 3536 | 131 | 3667 | -- | 3667 |

കുറിപ്പ്

റിഡക്ഷൻ തുകയായ ₹1956367/- ൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ₹115034/- ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചതിൽ അവശേഷിച്ചിരുന്ന ₹600000/- ഉം തനത് ഫണ്ട് തുകയായ ₹206233/- ഉം ഉൾപ്പെടുന്നു. ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഷെയറിനത്തിലെ തുകയ്ക്ക് 28.03.2018 ൽ നിർവഹണ ഉദ്യോഗസ്ഥന് ചെക്ക് നൽകിയതിനാൽ പഞ്ചായത്ത് ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 45404473 | 125 | 29740782 | - | 26 | 82.78 |

പൂർത്തീയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 8287278 | 5385678 | 64.98 |
| 2 | കൃഷി ഓഫീസർ | 938078 | 814048 | 86.77 |
| 3 | വെറ്റിനററി സർജൻ | 2485950 | 1696700 | 68.25 |
| 4 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 780000 | 780000 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 800000 | 800000 | 100 |
| 6 | ഗ്രാമസേവകൻ | 4267979 | 3010803 | 70.54 |
| 7 | അസി. എഞ്ചിനീയർ | 23075042 | 14864155 | 64.41 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3048146 | 821595 | 26.95 |
| 9 | ഡയറി എക്സ്റ്റൻഷൻ | 1100000 | 1100000 | 100 |
| 10 | ഹെഡ് മാസ്റ്റർ | 622000 | 467803 | 75.20 |
| ആകെ | | 45404473 | 29740782 | 76.2 |

## **1-7** <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 5748 | 412715 | 418463 | 410331 | 8132 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 3489430 | 3489430 | 3489430 | 0 |
| സാധനങ്ങളുടെ വില | | 843330 | 843330 | 843328 | 2 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 3790000 | 315 |
| വാർദ്ധിക്യകാല പെൻഷൻ | 12273400 | 911 |
| വികലാംഗപെൻഷൻ | 1270000 | 116 |
| അവിവാഹിതപെൻഷൻ | 241800 | 28 |
| തൊഴിൽരഹിതവേതനം | 42720 | 72 |
| കർഷകതൊഴിലാളിപെൻഷൻ | 897700 | 75 |

## 1-9 ക്യാഷ് പരിശോധന.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018 ന് 4.30പി.എം. ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹22547/- യുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

അക്കൗണ്ടിംഗ് സിസ്റ്റം- അപാകതകളോടുകൂടിയതാണ്.വാർഷികകണക്കിൽ പഞ്ചായത്തിന്റെ ശരിയായ വരവ്-ചെലവുകൾ പ്രതഫലിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/10/2018 മുതൽ 23/10/2018 വരെ | 9/18 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2006 | 1997 -98 മുതൽ 2005-06 വരെ | 20/11/2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി- കുടിശിക ഉൾപ്പെടെയുള്ള ഡിമാന്റ് തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും,

സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷികധനവിവരപത്രിക I-18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, സർവ്വീസ് സെസ്സ് എന്നീ ഇനത്തിൽ യഥാക്രമം ₹325657/-,₹54700/-, ₹9879/- എന്നിങ്ങനെ പ്രയർ പീരിഡ് ഐറ്റംസ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മൻറ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

4. വാർഷികകണക്കിലെ R.P. 31 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ₹1274664/-ആണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഭരണചെലവുകൾ,സാധനങ്ങളുടെ വില എന്നീ ഇനങ്ങളിലായി ₹1253564/- മാത്രമാണ് വരവ് വന്നിരിക്കുന്നത്. ₹21100/-യുടെ വ്യത്യാസം കാണുന്നു. കൂടാതെ I-6 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലെ ആകെ വരവ് തുക ₹3518380/- ആണ്. എന്നാൽ യഥാർത്ഥ വരവ് ₹4743089/- ആണ്.

5. ആർജ്ജിച്ച ആസ്തികളുടെ വില നിർണ്ണയം നടത്തി ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി &ഓ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്തിലെ 38 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. കൂടാതെ ജി.ഒ.(ആർ.ടി.) 795/2007/ തസ്വഭവ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്നുള്ള സമ്മതപത്രവും അപേക്ഷകളോടൊപ്പം വാങ്ങിയിട്ടില്ല.

2. താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി&ഓ ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നില്ല.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ / സ്ഥാപനം |
|---|---|
| സജി മാത്യു കുന്നക്കാട്ട് | 13/118-A/ കോഴി ഫാം |
| വി.സി.ചാക്കോ,വട്ടപ്പലത്ത് | 13/55A/കോഴി ഫാം |
| നോബിൾ ജോസഫ്,വെളുത്തേടത്ത് കാട്ടിൽ | 13/259/കോഴി ഫാം |
| സൈജൻ മാനുവൽ,കമ്പകത്തിങ്കൽ | 13/286-A/കോഴി ഫാം |
| കെ.സോമൻ,പിണയ്ക്കൽ | 11/292/ കന്നുകാലി ഫാം |
| മനോജ് ഇ.ആർ, ഇടിത്തക്കുഴിയിൽ | 13/265-A/കന്നുകാലി ഫാം |
| അലോഷി ജോസഫ്,പൊന്നാമറ്റത്തിൽ | 1/215A/കന്നുകാലി ഫാം |
| റസീന കെ.,കാട്ടിങ്കൽ | 1/205,205,206/തടി മില്ല് |
| മുഹമ്മദ് റഫീഖ്,കാട്ടിങ്കൽ | 1/215A/തടി മില്ല് |
| ഓമനയമ്മ ,കൊച്ചുവാണിയപ്പുരയിൽ | 09/33/തടി മില്ല് |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 4 നൽകിയിരുന്നു. ഇതിന് മറുപടിയായി, റസീന കെ.കാട്ടിങ്കൽ, മുഹമ്മദ് റഫീഖ് കാട്ടിങ്കൽ എന്നിവരുടെ തടിമില്ലുകൾ വർഷങ്ങളായി കേസ് നടക്കുന്നതിനാൽ പ്രവർത്തിക്കുന്നില്ല എന്നും മറ്റുള്ളവർക്ക് 2018-19 ൽ നോട്ടീസ് നൽകി ലൈസൻസ് എടുക്കുന്നതിനുള്ള തുടർ നടപടികൾ കൈക്കൊണ്ടിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റ അപാകതകൾ പിന്നീടുള്ള വർഷങ്ങളിൽ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇത്രയധികം സ്ഥാപനങ്ങൾ 2017-18 ൽ ലൈസൻസില്ലാതെ പ്രവർത്തിച്ച എന്നുള്ളത് പഞ്ചായത്ത്

കമ്മിറ്റി, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഗൗരവതരമായി വീക്ഷിക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ മേൽ അപാകതകളൊന്നും ആവർത്തിയ്ക്കാതിരിക്കുന്നതിനും ട്രേഡ്സ് ലിസ്റ്റ് ആനുകാലികമാക്കി കൃത്യമായി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 വസ്തു നികുതി, തൊഴിൽ നികുതി, സർവ്വീസ് സെസ്സ് എന്നിവ പ്രയർ പീരിഡ് ഐറ്റംസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വാർഷികധനവിവരപത്രിക I-18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി,തൊഴിൽ നികുതി,സർവ്വീസ് സെസ്സ് എന്നീ ഇനത്തിൽ യഥാക്രമം ₹325657/-,₹54700/-, ₹9879/- എന്നിങ്ങനെ പ്രയർ പീരിഡ് ഐറ്റംസ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും വിശദാംശങ്ങൽ ലഭ്യമാക്കിയില്ല. പ്രസ്തുത ഇനങ്ങളിൽ ഉൾപ്പെട്ട തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കിണർ റീചാർജിംഗ് - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0057/18, കിണർ റീചാർജിംഗ്-ജനറൽ |
| അടങ്കൽ ₹ 50000/- | ₹25000/- (വികസന ഫണ്ട് -ജനറൽ)<br>₹25000/- (ഗുണഭോക്തൃവിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി/ തുക | 13/17-18/ 21.03.2018/ ₹ 6000/-<br>16/17-18/ 28.03.2018/ ₹12000/- |

കിണർ റീചാർജിംഗ് പ്രോജക്ട് പ്രകാരം 2017-18 ൽ മൂന്ന് ഗുണഭോക്താക്കൾക്ക് ₹6000/- പ്രകാരം കിണർ റീ ചാർജിംഗിന് ₹18000/- ധനസഹായം നൽകിയിരിക്കുന്നു. 2017-18 വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്.)80/2017/2017/ത.സ്വ.ഭ.വ. തീയതി 03.04.2017 പ്രകാരം 150 ച.മീറ്റർ അധികരിക്കാത്ത വീടുകളോട് ചേർന്ന തുറന്ന കിണർ ഉള്ള കുടുംബങ്ങൾക്കാണ് കിണർ റീ ചാർജിംഗ് പദ്ധതിയിൽ ധനസഹായത്തിന് അർഹതയുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ₹6000/- ധനസഹായം അനുവദിച്ച ശ്രീമതി. ഷീന അനിൽകുമാർ, പരിയാരത്ത് വീട്, കുടയത്തൂർ എന്ന വ്യക്തിക്ക് 307.66 ച.മീറ്റർ വിസ്തൃതിയുള്ള വീടാണ് ഉള്ളതെന്ന് പഞ്ചായത്തിലെ രേഖകൾ പ്രകാരം വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/27.11.2018 നം യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ അർഹതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ₹6000/- ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

## 3-2 ജാതിത്തൈ വിതരണം - ടെണ്ടർ നടപടി സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | S0034/18, ജാതിത്തൈ വിതരണം- ജനറൽ |
| അടങ്കൽ ₹ 141100/- | ₹105825/- (വി.ഫണ്ട് സാധാരണ വിഹിതം)<br>₹35275/- (ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി/ തുക | 11/17-18/ 14.03.2018/ ₹105825/-<br>cheque no. 4350340/23.03.18/ ₹ 35275/- (ഗുണഭോക്തൃവിഹിതം) |
| പ്രോജക്ട് | S0041/18, ജാതിത്തൈ വിതരണം- ടി.എസ്.പി. |
| അടങ്കൽ ₹51128/- | ₹38346/- (വി.ഫണ്ട് ടി.എസ്.പി.)<br>₹12782/- (ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി/ തുക | 12/17-18/ 14.03.2018/ ₹38346/-<br>cheque no. 4350340/23.03.18/ ₹ 12782/- (ഗുണഭോക്തൃവിഹിതം) |

പൊതുവിഭാഗത്തിലും പട്ടിക വർഗ്ഗ വിഭാഗത്തിലും ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2017-18 വർഷം ജാതിത്തൈ വിതരണത്തിനായി മേൽ പ്രോജക്ടിൽ വിഭാവനം ചെയ്യുകയും രണ്ട് തട്ടുള്ള ജാതിത്തൈ ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഇത് പ്രകാരം 16.11.2017 ലഭിച്ച രണ്ട് ടെണ്ടറുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ലഭിച്ച തീയതി | സ്ഥാപനം | നിരക്ക് ₹ |
|---|---|---|---|
| 1 | 16.11.2017 | ജോൺസൺ മൈക്കിൾ, പുളിക്കൽ നഴ്സറി, അറക്കുളം | 350/- |
| 2 | 16.11.2017 | മാനേജർ, കിണറ്റുകര നട്മെഗ് പ്ലാന്റേഷൻ & നഴ്സറി, കാളകെട്ടി പി.ഒ. | 242/- |

ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്കായ ₹242/- രേഖപ്പെടുത്തിയ കിണറ്റുകര നട്മെഗ് പ്ലാന്റേഷൻ & നഴ്സറി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ രണ്ട് ടെണ്ടർ മാത്രം ലഭിച്ച എന്ന കാരണത്താൽ റീ-ടെണ്ടർ നടത്തുകയും തുടർന്ന് 05.12.2017 ലഭിച്ച ടെണ്ടറുകളിൽ ഇതേ ഇനത്തിന് കുറഞ്ഞ നിരക്കായ ₹332/- രേഖപ്പെടുത്തിയ ഇതേ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. മേൽ സൂചിപ്പിച്ച ബില്ലുകൾ/ചെക്കുകൾ പ്രകാരം

ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 579 ജാതിതൈകൾക്കായി ₹332/- നിരക്കിൽ ₹192228/- നൽകിയിരിക്കുന്നു. രണ്ട് ടെണ്ടർ മാത്രം ലഭിച്ച എന്ന കാരണത്താൽ റീ ടെണ്ടർ നടത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

കുറഞ്ഞ നിരക്കായ ₹242/- രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിക്കാതെ റീ ടെണ്ടറിൽ ₹332/- രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചതിനാൽ ഒരു ജാതിതൈക്ക് ₹90/- എന്ന നിരക്കിൽ തുക അധികമായി നൽകിയിരിക്കുന്നു. ഇത് പ്രകാരം 579 ജാതിതൈകൾക്കായി ആകെ ₹52110/- (579x90) നഷ്ടം ഉണ്ടായിരിക്കുന്നു. നഷ്ടതുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 വിവിധ റോഡ് പ്രവൃത്തികൾ-കരാറുകാർ റോഡ് പ്രവൃത്തികളിൽ ഗുണനിലവാരം പാലിച്ചില്ല

താഴെപ്പറയുന്ന റോഡ് പ്രവത്തികൾ 2017-18 വർഷം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരം പാലിക്കാത്തതുമൂലം ഗ്യാരന്റി കാലാവധിക്കുള്ളിൽ തന്നെ അറ്റകുറ്റപ്പണികൾ നടത്തേണ്ട അവസ്ഥയിലാണ്.

1. കൈപ്പ പാലമറ്റം റോഡ് ടാറിംഗ് (61/18)

| | | |
|---|---|---|
| പദ്ധതി അടങ്കൽ | ₹500000/- | |
| കരാറുകാരൻ | ടാജ് കുരുവിള | |
| അളവു ബുക്ക് | 19/17-18 | |
| ചെലവ് വിശദാംശങ്ങൾ | ബിൽനം/തീയതി | തുക |
| | 25/18.1.18 | 375000 |

കരാറുകാരനിൽ നിന്നും ₹25000/-ജാമ്യ നിക്ഷേപമായി സ്വീകരിച്ച് 28.09.17 ൽ കരാറിലേർപ്പെട്ട പ്രവൃത്തി 18.01.18 ലാണ് പൂർത്തീകരിച്ചത്. 116.9 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. റോഡ് നിലവിൽ തർന്ന രീതിയിലാണ്. കോൺക്രീറ്റിംഗിലെ ഗുണനിലവാര തകർച്ച മൂലം റോഡ് തകർന്നത് സംബന്ധിച്ച് അസി.എഞ്ചിനിയർ കരാറുകാരന് 11.4.18 ൽ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും റോഡ് നിർമ്മാണത്തിലെ ന്യൂനത ഇതുവരേയും പരിഹരിച്ചിട്ടില്ല.

2. അറക്കുളം പഴയപ്പള്ളി സെന്റ് തോമസ് കവല റോഡ് പുനരുദ്ധാരണം(143/18)

| | | |
|---|---|---|
| അടങ്കൽ | ₹585000/- | |
| കരാറുകാരൻ | റെജി എം | |
| അളവു ബുക്ക് | 22/17-18 | |
| ചെലവ് വിശദാംശങ്ങൾ | ബിൽ നം./തീയതി | തുക |
| | 43/12.3.18 | 527752 |

കരാറുകാരനിൽ നിന്നും ₹29300/-ജാമ്യ നിക്ഷേപം സ്വീകരിച്ച് 28/09/17 ൽ കരാർ ഒപ്പുവച്ച പ്രവൃത്തി 28.02.18 ലാണ് പൂർത്തീകരിച്ചത്. 630 മീറ്റർ നീളത്തിൽ ചെയ്ത റോഡ് റീടാറിംഗ് പ്രവൃത്തിയിലെ ടാറിംഗ് ഇളകിയ രീതിയിലാണ് റോഡ് നിലവിലുള്ളത്. ഗുണനിലവാര തകർച്ച നേരിട്ടതിനെ തുടർന്ന് കരാറുകാരന് 04.09.18 ൽ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും റോഡ് നിർമ്മാണത്തിലെ അപാകത ഇതുവരേയും പരിഹരിച്ചിട്ടില്ല.

കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ മേൽപ്പറഞ്ഞ റോഡ് പ്രവൃത്തികളിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പഠന മുറി നിർമ്മാണം (ടി.എസ്.പി)- പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ – 26/18

ബിൽ നം 8/17-18 തീ. 6.01.2018 തുക – ₹1,50,000/-

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിനായി വിൽസൺ പായിപ്പാട്ട്, കുവപ്പള്ളി എന്ന ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായും പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വ്യക്തിയുടെ പേരിലുള്ള കേരള ഗ്രാമീൺ ബാങ്ക്, കാഞ്ഞാർ ബ്രാഞ്ച് അക്കൗണ്ട് നം. 40363100000347ലേക്ക് മേൽ സൂചിപ്പിച്ച ബിൽ പ്രകാരമുള്ള തുകയിൽ നിന്ന് ₹25000/- 6.01.2018-ൽ NEFT ചെയ്ത് നല്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതിനോ ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ₹25000/- ചെലവ് തടസ്സപ്പെടുത്തുന്നു. ധനസഹായമായി തുക നൽകിയിട്ടും പണി പൂർത്തീകരിക്കാത്തതിന്റെ കാരണം സംബന്ധിച്ച് പട്ടികവർഗ്ഗ വർക്കിംഗ് ഗ്രൂപ്പോ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ചർച്ച ചെയ്യുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി - അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനായി ആവിഷ്കരിച്ചതാണ് ടി പദ്ധതി. ജി.ഒ.(എം.എസ്) നം.80/2017 തസ്വഭവ തീയതി 03-04-2017, സബ്സിഡി മാർഗ്ഗരേഖ പ്രകാരം 8,9,10 എന്നീ ക്ലാസ്സുകളിൽ പദ്ധതി വർഷം പഠിക്കുന്ന കുട്ടികൾക്കാണ് സൈക്കിൾ വാങ്ങി നൽകാവുന്നത്. എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതികളിൽ 2017 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പത്താം ക്ലാസ്സിൽ പഠിക്കുന്നു എന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയ കുട്ടികൾക്കാണ് തൻവർഷം സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്. അതായത് പത്താംതരം കഴിഞ്ഞതിന് ശേഷമാണ് വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകിയിരിക്കുന്നത്. വിശദ വിവരം താഴെക്കൊടുക്കുന്നു.

| പദ്ധതി | അടങ്കൽ തുക ₹ | ബിൽ നം./തീയതി/ ബിൽ തുക | വിദ്യാർത്ഥികളുടെ പേര് | സൈക്കിളിന്റെ വില |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 100,000/- | 1/17-18/ 19-06-17/ ₹83425/- | അപ്പു പി. രാഘവൻ | 4661.91+23.31 |
| | | | പ്രസീന കെ.എസ്. | 4690.48+23.45 |
| | | | സംഗീത് പ്രഭാകരൻ | 4661.91+23.31 |

| | | | | |
|---|---|---|---|---|
| | | | | |
| | | | വിവേക് പി.വി. | 4661.91+23.31 |
| പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 100,000/- | 2/17-18/ 19-06-17/ ₹98200/-s | റിൻസി റെനി | 4690.48+23.45 |
| | | | എറിക്സൺ പി. വിൽസൺ | 4661.91+23.31 |
| | | | സ്റ്റോബി ജോർജ്ജ് | 4690.48+23.45 |
| | | | സാന്ദ്ര യു.എസ്. | 4690.48+23.45 |
| ആകെ | | | | ₹37596.60/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9 ന് മറുപടിയായി 2017 മാർച്ചിൽ സപ്ലൈ ഓർഡർ നൽകിയിരുന്നതാണെന്നും കൃത്യസമയത്ത് സൈക്കിൾ എത്തിക്കാത്തതിനാലാണ് വിതരണം വൈകിയതെന്നുമുള്ള മറുപടി ലഭിച്ചു. 2017-18 ഏപ്രിലിൽ തുടങ്ങുന്ന തൻവർഷ സ്പിൽ ഓവർ പദ്ധതിയ്ക്ക് വേണ്ടിയാണ് ടി സപ്ലൈ ഓർഡർ നൽകിയതും ബിൽ മാറിയിരിക്കുന്നതും. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് യാത്രാ സൗകര്യത്തിനു വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന ടി പദ്ധതിയിൽ 2017-18 വർഷം പത്താം തരം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് യാതൊരു കാരണവശാലും സൈക്കിൾ നൽകാൻ സബ്സിഡി മാനദണ്ഡ പ്രകാരം അനുവദനീയമല്ല. എങ്കിലും 2017 മാർച്ചിൽ തന്നെ വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി. സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ പദ്ധതിക്കായി ഗുണഭോക്താക്കളെ നേരത്തെ തെരഞ്ഞെടുത്തതാണ് എന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വീട് വാസയോഗ്യമാക്കൽ(ടി.എസ്.പി)- പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ – 26/18

ബിൽ നം 24/17-18 തീ. 14.03.2018 തുക – ₹145000

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിനായി സുകുമാരൻ ചക്കിയാനിക്കൽ എന്ന ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായും പണി പൂർത്തീകരിച്ചിട്ടില്ല (ടി വ്യക്തിയുടെ പേരിലുള്ള സൗത്ത് ഇൻഡ്യൻ ബാങ്ക്,കാഞ്ഞാർ ബ്രാഞ്ച് അക്കൗണ്ട് നം. 02020300000ലേക്ക് മേൽ സൂചിപ്പിച്ച ബിൽ പ്രകാരമുള്ള തുകയിൽ നിന്ന് ₹35000/- 14.03.2018 NEFT ചെയ്ത് നല്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതിനോ ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ₹35000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലേയ്ക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നില്ല

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനത്തിന്റെ വിഹിതം എല്ലാ മാസവും അഞ്ചാം തീയതിക്ക്

മുമ്പായോ, ശമ്പള ബില്ല് മാറുന്ന തീയതിയിലോ ഒടുക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം(സർക്കുലർ നം.എഫ്.3/26572/03/തീ.17.11.2013) ഉണ്ടായിരുന്നിട്ടും കുടയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2013-14, 2014-2015, 2015-2016, 2016-2017എന്നീ വർഷങ്ങളിലും 4/17മുതൽ 12/17 വരെയും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ലയെന്ന കാണുന്നു. 1/18 മുതൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവ് വരുത്തിയിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ 39 ഷെഡ്യൂളിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ₹2092962/- ഒടുക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക സംബന്ധിച്ച് വ്യക്തമായ കണക്കെടുത്ത് അത് ഭരണസമതിയിൽ ചർച്ച ചെയ്ത് ആയത് താമസം വിന അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ പ്രോജക്ട് - മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പി.എച്ച്.സി. ക്ക് മരുന്ന്, ഉപകരണങ്ങൾ, ലാബ് റീയേജന്റ് എന്നിവ വാങ്ങൽ (S0047/18) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മരുന്നു വാങ്ങൽ എന്ന ഇനത്തിന് ₹1,25,000/- ചെലവു ചെയ്തിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ-

| | |
|---|---|
| അടങ്കൽ തുക | ₹200,000/- |
| ബിൽ നമ്പർ/ തീയതി / ബിൽ തുക | 13/17-18/ ₹125,000/- |
| ലഭിച്ച മരുന്നിന്റെ വില | ₹101060/- |
| ലഭിക്കുവാനുള്ള മരുന്നിന്റെ വില | ₹23,940/- |

മരുന്ന് പൂർണ്ണമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് അടക്കൽ |
| പ്രോജക്ട് നം | : | S0016/18 |
| ബിൽ നം | | |
| 32/17-18 223942 /-തി 24.10.17 | | |
| 50/17-18 31943/-തി 17.11.17 | | |
| 59/17-18 33110 /-തി 11.1.18 | | |
| 77/17-18 32359/-തി 9.2.18 | | |
| 84/17-18 33050/- തി 22.2.18 | | |
| 90/17-18 32593/- തി 14.3.18 | | |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മേൽ ബില്ലുകൾ പ്രകാരം 2017-18ൽ ₹386997/- വൈദ്യുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഇനം, തരം, എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ, മീറ്ററുകൾ സ്ഥാപിച്ച വിവരവും ലഭ്യമല്ല. അതിനാൽ, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അധിക തുക ഒടുക്കേണ്ടി വരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും സാധിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/

ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്ററിംഗ് സംവിധാനം അടിയന്തിരമായി ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും, വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തി വിവരങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പൊതുടാപ്പുകളുടെ വിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | വാട്ടർ ചാർജ്ജ് അടക്കൽ |
| പ്രോജക്ട് നം | : | S0015/18 |
| ബിൽ നം | | |
| 19/17-18 18800/-തി 18.8.17 | | |
| 29/17-18 73500/-തി 10.10.17 | | |
| 52/17-18 36750/- തി 11.1.18 | | |
| 56/17-18 36750/- തി 11.1.18 | | |
| 60/17-18 36750/-തി 12.01.18 | | |
| 79/17-18 28250/-തി 9.2.18 | | |

വെള്ളക്കരം ഒടുക്കുന്നതിനായി ജല അതോറിറ്റിയിൽ മേൽ ബിൽ പ്രകാരം 2017-18ൽ ₹230800 ഒടുക്കിയിട്ടുണ്ട്. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.ടി.)2242/2011/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ വെള്ളക്കരം ഒടുക്കിയതിന്റെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക₹ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-2018 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |

320700205 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം ₹513307/- വരവുണ്ട്. ആയതിൽ ₹13307 പലിശ ഇനത്തിൽ ലഭിച്ച തുകയാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. യുറ്റി ആർനം./ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാകത്താനം കേളനി പൈപ്പ് ലൈൻ | 9/17-18/ 24.07.18 | 80000 | 0 | 80000 |
| കേരള വാട്ടർ അതോറിറ്റി | മങ്കോമ്പ് കാവ് -പുളിക്കൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ | 10/17-18/ 24.07.18 | 133500 | 0 | 133500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ജവഹർ-ഭവന നിർമ്മാണ പദ്ധതി വായ്പയിനത്തിൽ₹1560000 വരവുണ്ട് ആയത് പൂർണ്ണമായി ചെലവഴിച്ചിരിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ എം എസ് ഭവന പദ്ധതി | സ.ഉ(സാ) നം.321/2010 /തസ്വഭവ തി.29.01.2010 | 7258500 | 989350 | 0 | 875438 | 0 | 113912 |
| ജവഹർ ഭവന നിർമ്മാണ പദ്ധതി | നമ്പർ 357647/ ഡി.ബി.1/15 /തസ്വഭവ തീ.14.01.2016 | ₹5200000 | 3094000 | 1560000 | 583586 | 0 | 4070414 |

## 4-5 സ്ഥിരനിക്ഷേപം

സ്ഥിര നിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1600/- ന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | അടച്ച വ്യക്തിയുടെ പേര് | രസീത് നം /തീയതി | തുക |
|---|---|---|---|---|
| 2016-17 | 3-6(A) | ശ്രീമതി.രമാഭായി. ഹെഡ്മിസ്ട്രസ് . ഗവ. എൽ.പി.എസ്. കോളപ്ര. | 117030100568/ 17.08.2017 | 1600 |

## 4-7 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1999-2000 | 2002-03 | VII-6-4 | തൊഴിലില്ലായ്മ വേതനം പിൻവലിച്ചത്- ₹11800/- | തുടരുന്നു |
| 2 | 2000-01 | 2003-04 | 31 | ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി | തുടരുന്നു |
| 3 | 2000-01 | 2003-04 | 3-7 | വാട്ടർ അതോറിറ്റി- നിക്ഷേപ പ്രോജക്ട് പൂർത്തീകരിച്ചില്ല | |
| 4 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-8 | ലഘു അവലോകനം- തുടർസാക്ഷരത | തുടരുന്നു. |
| 5 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-4 | ലഘു അവലോകനം- ഫ്രണ്ട് ഓഫീസ് സംവിധാനം | തുടരുന്നു |
| 6 | 2014-15 | 2015-16 | 2-1 | വസ്തു നികുതി അപാകതകൾ | തുടരുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ | റിപ്പോ | ഖണ്ഡി | ഉത്തര | ചാർജ്ജ് | സ്വയം | റവന്യൂ | കോടതി | ആകെ | അവ | റിമാർ |
|---|---|---|---|---|---|---|---|---|---|---|

| നം. | ർട്ട് വർഷം | ക നം | വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | വ്യവഹാരങ്ങളിൽ | | ലഭിച്ച തുക | ശേഷിക്കുന്ന തുക | ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 1997-98 | 21 | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |
| 2 | 1997-98 | 22 | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |
| 3 | 1997-98 | 23(2) | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |
| 4 | 1997-98 | 24 | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |
| 5 | 1997-98 | 27 | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |
| 6 | 1997-98 | 28 | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |

(ബി) സർചാർജ് വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | ഉൾ | ഈടാ | | | |

| | | | | തീയതിയും | | | (തീയതി) | പ്പെട്ട തുക | ക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1997-98 | 23(2) | ശ്രീ. എ. സൈനുലദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | 1204 | | | | | | 1204 | |
| 1 | 1997-98 | 24 | ശ്രീ എ. സൈനുലദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | ,, | | | | | | ,, | |
| 2 | 1997-98 | 27 | ശ്രീ എ. സൈനുലദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | ,, | | | | | | ,, | |
| 3 | 1997-98 | 28 | ശ്രീ എ. സൈനുലദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | ,, | | | | | | ,, | |
| 4 | 1999-00 | 25 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 57411 | | | | | | 57411 | |
| 5 | 1999-00 | 27 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | ,, | | | | | | ,, | |
| 6 | 1999-00 | 28(3) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | ,, | | | | | | ,, | |
| 7 | 1999-00 | 29(a) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | ,, | | | | | | ,, | |
| 8 | 1999-00 | 29(b) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | ,, | | | | | | ,, | |
| 9 | 1999-00 | 31 | ശ്രീ. റ്റി.കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | ,, | | | | | | ,, | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 10 | 1999-00 | 36 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | ,, | | | | | | ,, | |
| 12 | 2000-01 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.9479/05 തീയതി 4.4.2006 | 68962 | | | | | | 68962 | |
| 13 | 2000-01 | 32 | ജി. ഗോപാലകൃഷണൻ നായർ, സെക്രട്ടറി | എൽ.എഫ്.9479/05 തീയതി 26.8.2006 | 17431 | | | | | | 17431 | |
| 14 | 2004-05 | 3-6, 3-7 | റ്റി ഐ കൃഷ്ണൻ, എ. ഇ | എൽ.എഫ്.20493/ സ്പെ.സെൽ എസ്.സി.2/2007 തീയതി 10.12.2009 | 7600 | | | | | | 7600 | |
| 15 | 2004-05 | 3-7, 3-8 | എൽസി തോമസ്, എ.ഇ | എൽ.എഫ്.20498/ സ്പെ.സെൽ. എസ്.സി.2/ 2007 തീയതി 2.11.2009 | 5684 | | | | | | 5684 | |
| 16 | 2002-03 | 2-3 | ജി. ഗോപാലകൃഷണൻ നായർ, സെക്രട്ടറി | എൽ.എഫ്.22205/ സ്പെ.സെൽ. എസ്.സി.2/ 2005 തീയതി 10.10.2006 | 7575 | | | | | | 7575 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(**എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹43596020.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹45156908.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58110 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6000 | ആഷ് ലി മറിയാമ്മ ജോർജ്ജ്<br><br>കൃഷി ഓഫീസർ |

| | | | |
|---|---|---|---|
| 3-2 | | 52110 | ആഷ് ലി മറിയാമ്മ ജോർജ്ജ്<br>കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 25000 | ശ്രീ. തോമസ് വി.വി, വി.ഇ.ഒ |
| 3-6 | 35000 | ശ്രീ. തോമസ് വി.വി, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആഷ് ലി മറിയാമ്മ ജോർജ്ജ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ കുടയത്തൂർ | കിണറുവിളയിൽ ഷിബുഭവൻ<br>മുട്ടം പി.ഒ ശങ്കരപ്പിള്ളി |
| ശ്രീ. തോമസ് വി.വി, വി.ഇ.ഒ | വി.ഇ.ഒ കല്ല്യാശ്ശേരി ബ്ലോക്ക്, കണ്ണൂർ ജില്ല | വിളയക്കാട്ട് (വീട്) നാട്ടകാണി കരിപ്പലങ്ങാട് പി.ഒ. ഇടുക്കി പിൻ 685601 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6/ 247/98/5.10.98 | 22 | 3,4,5,6,7,8.9,10,11,12, 13,14,15,16,17, 18,19,20,21,22,23,24 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 | 8 | 28,30,32,34,35,36,37,38 |
| 1997-1998 | എൽ.എഫ്.ഐ. 7/ 71/2001/30.01.2001 | 14 | 12,13,14,21(1),21(2), 22,23(1),23(2), 24,25,26,27,28,30(1) |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 | 27 | 1,2,3,4,5,6,7,8,9,10,11,12, 13,14,15,16,17,18.19. 20,21,22,23,24,25,26, |

| | | | |
|---|---|---|---|
| | | | 27 |
| 1999-2000 | എൽ.എഫ്.ഐ.7/ 241/2003/29.03.03 | 23 | 9,13,14,19,20,21,22,23, 24,25,26,27,28,29,30, 31,32,33,34,35,36,37,38 |
| 2000-2001 | എൽ..എഫ്.ഐ.7/ 734/02/22.04.2005 | 22 | 10,11,14,15,16,19,20, 21,22,23,24, 25,26,27,28,29,30,31, 32,33,34,35 |
| 2001-2002 | എൽ.എഫ്.ഐ.7/ 141/04/23.09.05 | 10 | 1,2,3,4,5,6,7, 8,9,10 |
| 2002-2003 | എൽ.എഫ്.ഐ.7/ 348/2005/01.12.05 | 6 | 2-1,2-2,2-3,3-2, 3-3,4-9 |
| 2003-2004 | എൽ.എഫ്.ഐ.8/ 113/08/26.04.08 | 9 | 2-1,2-3,2-4,3-1,3-2,3-3, 3-5,3-6,3-7 |
| 2004-2005 | എൽ.എഫ്.ഐ.8/ 524/2007/26.06.2008 | 13 | 2-1,2-2,2-3,2-4,2-5,3-1, 3-5,3-6,3-7, 3-8,3-9,310,3-11 |
| 2005-2006 | എൽ.എഫ്.ഐ.8 80/2009/22.04.09 | 8 | 2-1,2-2,3-1,3-2,3-3,3-4, 3-5,3-6 |
| 2006-2007 | എൽ.എഫ്.ഐ.9 492/09/17.11.2009 | 12 | 2-1,2-2,2-3,2-4,3-1,3-2, 3-3, 3-4,3-5,3-6,3-7,3-8 |
| 2007-2008 | എൽ.എഫ്.ഐ.10 398/12/22.06.12 | 18 | 2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14 |
| 2008-2009 | എൽ.എഫ്.ഐ.10/ 748/12/2.07.12 | 12 | 2-1,2-2,2-3,2-4,2-5,3-1, 3-2,3-3,3-4,3-5,3-6,3-7 |
| 2009-2010 | എൽ.എഫ്.ഐ.10/ 1023/12/26.09.12 | 10 | 2-1,22,2-3,2-4,2-5, 2-6,3-1, 3-2,3-3,3-4.3-5, 3-6,3-7 |
| 2010-11& 2011-2012 | കെ.എസ്.എ.ഐഡി.കെ.10/ 1106/13/06.06.14 | 11 | 2-1,2-2,2-3,2-4,3-1, 3-2,3-3,3-4,3-5, 3-6,3-7 |
| 2012-2013& 2013-2014 | കെ.എസ്.എ.ഐ.ഡി.കെ.10/ 653/15/05.10.15 | 13 | 2-1,2-2,2-3,3-1,3-2, 3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.10/ 461/18/25.04.18 | 15 | 2-1,2-2,2-3,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10,3-11, |

| | | | |
|---|---|---|---|
| | | | 3-12,3-13,3-14 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/ 408/17/17.04.18 | 6 | 2-1,3-1,3-2,3-3, 3-4,3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 990/17/28.09.17 | 20 | 2-1,2-2,2-3,2-4, 2-5,2-6,2-7, 2-8,3-1,3-2,3-3, 3-4,3-5,3-6, 3-7,3-8,3-9,3-10, 3-11,3-12. |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-10/1334/2018 തീയതി: 20.12.2018

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ (ഖണ്ഡിക 1-12 കാണുക) ഒഴികെ എന്റെ അഭിപ്രായത്തിൽ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി